# L.S.N.G.H.S.S
## Ottapalam

# ധ്വനി



Little Kites unit
L.S.N.G.H.S.S

# ആമുഖം

സഹൃദയരേ,

ആധുനിക പഠന മുറികളിൽ അദ്ധ്യാപകർക്ക് കൈത്താങ്ങായി നിൽക്കാനും സാങ്കേതികതയിൽ കൂടുതൽ പരിജ്ഞാനം ലഭിക്കുന്നതിനും വേണ്ടി കൈറ്റ് രൂപകല്പന ചെയ്ത വിദ്യാർത്ഥി സംഘടനയാണ് ലിറ്റിൽ കൈറ്റ്സ് എന്നതിനെക്കുറിച്ച് നിങ്ങൾ ഇന്ന് ബോധവാന്മാരായിരിക്കും. മലയാളം ടൈപ്പ്റൈറ്റിംഗ്, എഡിറ്റിംഗ്, ഫോട്ടോഷോപ്പ്, എന്നീ മേഖലകളിൽ പരിശീലനം ലഭിച്ച വിദ്യാർത്ഥകളുടെ മേൽ നോട്ടത്തിൽ ഡിജിറ്റൽ മാസിക രൂപത്തിൽ നിങ്ങൾക്കുമുമ്പിൽ എത്തിക്കുക എന്ന ദൗത്യമാണ് ഇപ്പോൾ പൂർത്തീകരിക്കപ്പെടുന്നത് . വിദ്യാർത്ഥികൾ രൂപകല്പന ചെയ്ത ഈ ഡിജിറ്റൽ മാസിക സാങ്കേതിക വിദ്യയിൽ ലഭിച്ച പ്രാവീണ്യത്തിന്റെ പ്രതിഫലനമാണ് . വിദ്യാർത്ഥികളുടെ മലയാളം കമ്പ്യൂട്ടിങ്ങിലുള്ള മികവ് വർദ്ധിപ്പിക്കുന്നതിന് വേണ്ടി കഥകൾ , കവിതകൾ, ലേഖനങ്ങൾ, ഉപന്യാസങ്ങൾ, ചിത്രങ്ങൾ, തുടങ്ങിയവ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു . പ്രകൃതിയെ അടുത്തറിയാൻ പ്രേരിപ്പിക്കുന്ന ഈ മാസിക പ്രേക്ഷക സമക്ഷം സമർപ്പിക്കുന്നു.

# ഉള്ളടക്കം

ആമുഖം..........................................................................................2
മാനേജരുടെ സന്ദേശം...........................................................................4
ഹെഡ്മിസ്ട്രസിന്റെ സന്ദേശം......................................................5
വിദ്യാലയ ചരിത്രം..................................................................................6
പ്രവേശനോത്സവം **2019-2020**............................................8
പരിസ്ഥിതി ദിനാഘോഷം **(2019-2020)**............................9
വായനാദിനം..........................................................................................11
ചാന്ദ്രദിനം...............................................................................................12
ശാസ്ത്ര ക്ലബ്ബ് ........................................................................................13
हिन्दी क्लब जूलाई **-2019**....................................................................14
ഗണിത ക്ലബ്ബ് .........................................................................................15
വിദ്യാരംഗം...........................................................................................16
സാമൂഹ്യശാസ്ത്ര ക്ലബ്ബ്........................................................................17
ബന്ധനം...................................................................................................18
നവകേരള നിർമ്മാണത്തിൽ വിദ്യാർത്ഥികളുടെ പങ്ക്.........20
**FLOOD**.................................................................................................25
**NATURE**..............................................................................................27
" प्लास्टिक को खतम करों....."................................................28
अच्छा काम.............................................................................................29
बहती नदी...............................................................................................30
പ്രളയം വിഴുങ്ങിയ കേരളം...........................................................31

Phone : 0466-2244393

The Apostolic Carmel,
Lady Immaculate Convent,
Ottapalam - 679 102
Kerala



Date : 16.01.2019

പ്രിയ വിദ്യാർത്ഥിനികളെ,

ഭാവങ്ങൾ മനസ്സിലുള്ളവയെ വെളിവാക്കുന്നു. പല രൂപങ്ങളിലെല്ലാമായി അവയെ രൂപാന്തരപ്പെടുത്തുന്നു. അവ മൂടൽമഞ്ഞിനെ തള്ളിക്കയറ്റിക്കൊണ്ട് അതിരുകളില്ലാ ആകാശത്തിലേക്ക് കുതിക്കുന്നു. ഉള്ളിൽ ഓർമ്മകൾ ഉപേക്ഷിച്ചു കൊണ്ട് ജീവിതയാത്രയിൽ മനസ്സിന്റെ മഴവിൽ നിറങ്ങളെ കൂട്ടിക്കലർത്തിക്കൊണ്ട് അവ ഒഴുകുന്നു........

പ്രിയ വിദ്യാർത്ഥിനികളെ ശാസ്ത്ര വിവര സാങ്കേതിക- വിദ്യ യുഗത്തിൽ വികസിച്ചു കൊണ്ടിരിക്കുന്ന ഈ വേളയിൽ ലിറ്റിൽ കൈറ്റ്സ് ഗ്രൂപ്പിലേക്ക് ചേർന്ന നിങ്ങൾക്ക് അഭിനന്ദനങ്ങൾ...... സ്കൂളിന്റെ ഉള്ളിലും പുറത്തും ഓടി നടക്കുന്ന ചുറുചുറുക്കുള്ള നിങ്ങളുടെ സർഗ്ഗാത്മക ശക്തി - ക്രിയാത്മക ശക്തി അനുദിനം വളരട്ടെയെന്ന് ആശംസിക്കുന്നു. ലിറ്റിൽ കൈറ്റ്സിന് അതിന്റെ പ്രവർത്തനങ്ങൾക്കും ആശംസ നേരുന്നു.

**L.S.N. GIRLS' HIGHER SECONDARY SCHOOL**
**OTTAPALAM, PALAKKAD (Dist.)**
Kerala. Pin : 679 102. Phone : 0466-2247290



Date 16..01..2019

പ്രിയ വിദ്യാർത്ഥിനികളെ,

നൂതനസാങ്കേതിക വിദ്യയുടെ സഹായത്തോടെ വിദ്യാലയങ്ങളിൽ പൊതുവിദ്യാഭ്യാസ-വകുപ്പ് നടപ്പിലാക്കിയ 'ലിറ്റിൽ കൈറ്റ്സ്' എന്ന പദ്ധതി നമ്മുടെ വിദ്യാലയത്തിലും സജീവമായി പ്രവർത്തിച്ചുവരുന്നു. വിദ്യാലയത്തിനും പൊതു-സമൂഹത്തിനും സാങ്കേതികവിദ്യയുടെ അനന്തസാധ്യ-തകൾ ലഭ്യമാക്കുന്നതിന് നടത്തുന്ന പല പ്രവ-ർത്തനങ്ങളിൽ ഒന്നായ, 'സ്കൂൾ മാഗസിൻ' എന്ന ഈ പ്രവർത്തനത്തിന് 'ലിറ്റിൽ കൈറ്റ്സ്' ടീമിന് എല്ലാ ആശംസകളും നേരുന്നു.

L.S.N. Girls Higher Secondary School Ottapalam
Date ............

Alphonsa G.A
Head Mistress
L.S.N. Girls High School
Ottapalam

# വിദ്യാലയ ചരിത്രം



ഹിമാലയത്തിലെ ബദരീനാഥത്തിലേക്കുള്ള തീർത്ഥ യാത്രയിൽ മരിച്ച സ്വപത്നിയുടെ നാമം അനശ്വരമാകുവാൻ ആഗ്രഹിച്ച് നവഭാരത ശിൽപികളി - ലൊരാളെന്ന് അറിയപ്പെടുന്ന സർ.ചേറ്റൂർ ശങ്കരൻ നായർ തന്റെ ഭാര്യയുടെ ജന്മനഗരമായ ഒറ്റപ്പാലത്ത് അവരുടെ നാമത്തിൽ പെൺകുട്ടികൾക്കു വേണ്ടി ഒരു ഹൈസ്കൂൾ സ്ഥാപിക്കുവാൻ ആഗ്രഹിച്ചിരുന്നു . വിദ്യാഭ്യാസ ജില്ല ബോർഡിന് സംഭാവന നൽകിക്കൊണ്ട് അദ്ദേഹം വിദ്യാഭ്യാസ രംഗത്ത് അന്ന് തീരെ പിന്നിലായിരുന്ന ഒറ്റപ്പാലത്തെ വനിതകൾക്കായി എൽ. എസ്. എൻ വിദ്യാലയം തുറന്നുകൊണ്ട് അന്നത്തെ ഒരു വലിയ ആവശ്യം നിറവേറ്റി മലബാർ പ്രദേശം മുഴുവൻ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നിർവഹിക്കേണ്ടിവന്ന ജില്ലാബോർഡ് അധികൃതർ 1938 ജൂണിൽ എൽ. എസ്. എൻ സ്കൂൾ അടച്ചിട്ടു. ഈ വാർത്ത വർത്തമാനപത്രത്തിൽ വന്നപ്പോൾ അപ്പസ്തോലിക് കാർമ്മൽ വിദ്യാഭ്യാസ ഏജൻസിയുടെ സ്നേഹിതരും അഭ്യുദയകാംക്ഷികളും അടച്ചിട്ടിരുന്ന വിദ്യാലയത്തിന്റെ മാനേജ്മെന്റ് ഏറ്റെടുത്ത് നടത്തുവാൻ അവരോടാവശ്യപ്പെട്ടു . ജില്ലാ ബോർഡും ഇതിൽ വളരെയധികം താൽപര്യം പ്രകടിപ്പിച്ചു. അങ്ങനെ 1938 ജൂൺ 22 -ാം തിയതി 33 പെൺകുട്ടികളെ ചേർത്ത് സ്കൂൾ പുനരാരംഭിച്ചു. കുട്ടികളുടെ എണ്ണം ക്രമത്തിൽ വർധിച്ചു. 1940 മാർച്ചിൽ

ആദ്യത്തെ 10 പേർ എസ്. എസ്.എൽ.സി. പരീക്ഷയ്ക്കിരുന്നതിൽ 9 പേർ വിജയിച്ചു.



1942 ൽ മലയാളം മാധ്യമമാക്കിക്കൊണ്ട് അദ്ധ്യാപക പരിശീലന വിദ്യാലയം ആരംഭിച്ചു. പതിനെട്ടു കൊല്ലത്തിനു 1961 ജൂണിൽ ആ വിദ്യാലയത്തിന് സ്ഥിരാംഗീകാരം ലഭിച്ചു. ഒന്നു മുതൽ നാലു വരെയുള്ള ക്ലാസ്സുകൾ ഒരു പുതിയ ഘടകമാക്കി പ്രവർത്തനം തുടങ്ങി. ഇപ്പോൾ എൽ.പി. വിഭാഗം ട്രൈനിങ് സ്കൂളിന്റെ മോഡൽ സ്കൂളാണ്. 2000 മുതൽ സയൻസ്, കോമേഴ്സ് ഗ്രൂപ്പ് ഉൾക്കൊള്ളുന്ന ഹയർ സെക്കന്ററി വിഭാഗം ഇവിടെ പ്രവർത്തിക്കുന്നു. ഇന്ന് ഹൈസ്കൂളിൽ ആയിരത്തി അറന്നൂറോളവും, എൽ.പി. യിൽ നാനൂറോളവും വിദ്യാർത്ഥിനികളുണ്ട്.

വിദ്യാർത്ഥിനികളുടെ സാംസ്കാരികവും അദ്ധ്യാത്മികവും വൈകാരികവും, കായികവും, ബുദ്ധിപരവും സാമൂഹ്യവുമായ വളർച്ചയെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഈ വിദ്യാലയത്തിൽ തങ്ങളുടെ നാനാമുഖവുമായ കഴിവുകളെ പ്രകടിപ്പിക്കുവാനുള്ള സാദ്ധ്യതകൾ വിദ്യാർത്ഥിനികൾക്കുണ്ട്.

# പ്രവേശനോത്സവം 2019-2020

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തോടനുബന്ധിച്ച് അക്കാദമിക മികവും, വിദ്യാലയമികവും ഉയർത്തുന്നതിനായി എൽ. എസ്. എൻ. ജി. എച്ച്. എസ്.എസ് -ൽ 5 മുതൽ 12 വരെയുള്ള ക്ലാസ്സുകളുടെ പ്രവേശനോത്സവവും,




വിജയോത്സവവും സംയുക്തമായി സംഘടിപ്പിച്ചു.ചടങ്ങിൽ ശ്രീ. സുരേഷ്. എ. ബി അദ്ധ്യക്ഷത വഹിച്ചു. എം.എൽ.എ.ശ്രീ.പി.ഉണ്ണി അവറുകൾ മുഖ്യാതിഥിയായി. വാർഡ് കൗൺസിലർ ശ്രീ. പ്രദീപ് കുമാർ, ലോക്കൽ മാനേജർ സിസ്റ്റർ. മറിയ ധന്യ എ.സി, ഹെഡ്മിസ്ട്രസ്സ് സിസ്റ്റർ. ആൽഫിൻ, മദർ പി. ടി.എ. പ്രസിഡന്റ് ശ്രീമതി. ലതിക സുരേഷ് എന്നിവർ വിജയികൾക്ക് ആശംസകൾ നേർന്നു. ചടങ്ങിൽ സമ്പൂർണ്ണ A+ നേടിയ ഹൈസ്കൂൾ, ഹയർസെക്കന്ററി വിദ്യാർത്ഥിനികളെ ആദരിച്ചു.ഫാത്തിമ ഷെറിൻ നന്ദി പ്രകാശിപ്പിച്ചു.നവാഗതർക്ക് മധുരം നൽകി

# <u>പരിസ്ഥിതി ദിനാഘോഷം (2019-2020)</u>

**ജൂൺ 5 ഐക്യരാഷ്ട്രസംഘടന ലോക പരിസ്ഥിതി- ദിനമായി ആചരിക്കുന്നു.1974-ലാണ് ഈ ആഘോഷം ആരംഭിച്ചത്.**




**അതിനാൽ ജൂൺ 5 എൽ.എസ്.എൻ. വിദ്യാലയത്തിൽ പരിസ്ഥിതി ദിനം ആഘോഷിച്ചു.**

**രാവിലെ അസംബ്ലിയിൽ പരിസ്ഥിതി ദിനത്തോട് ബന്ധിച്ച് കവിത,കഥ, പ്രസംഗം,സന്ദേശം എന്നിവ അവതരിപ്പിച്ചു.അതിനുശേഷം ജെ.ആർ.സി.-യുടെ റാലി നടത്തി.**



**ഗൈഡ്സിന്റെ വകയും റാലിയുണ്ടായി. സീഡ് ക്ലബിലെ കുട്ടികളും റാലി നടത്തി.**



എച്ച്.എം. സിസ്റ്റർ ആൽഫിൻ എല്ലാ വിദ്യാർത്ഥികൾക്കും തൈ വിതരണം ചെയ്തു.കൂടാതെ സ്കൂളിലും ചെടി നട്ടു.




ഒരു ദിവസം കൊണ്ട് തീരുന്നതല്ല, എന്നാൽ ജൂൺ 5 -നോടൊപ്പം പരിസ്ഥിതി ദിനവും കടന്നുപോയി.........

# വായനാദിനം

പുതുവായിൽ നാരായണപ്പണിക്കരുടെ ചരമദിനമായ ജൂൺ 19 നാം വായനാദിനമായിആചരിക്കുന്നു.ഇതിനോടനുബ-ന്ധിച്ച് രാവിലെ അസംബ്ലിയിൽ വായനാദിനത്തിനു പിന്നിലെ ചരിത്രം വായിച്ചു.ഒരാഴ്ച മുൻപ് വായനാവാരം ആചരിക്കാൻ തുടങ്ങി.പലതരം പുസ്തകങ്ങൾ ലൈബ്രറിയിൽ ഇരുന്ന് വായിച്ചു.വായനയുടെ മഹത്വങ്ങൾ മോറൽ സയൻസ് ക്ലാസിൽ വിശദീകരിച്ചു.ലൈബ്രറിയുടെ വക 12 പുസ്തകങ്ങൾ വായിച്ച് ചോദ്യോത്തര മത്സരം നടത്തി.പിന്നീട് വായിച്ച പുസ്തകങ്ങളുടെ വായനാക്കുറിപ്പ് എഴുതി.കുട്ടികളിൽ വായനാശീലം വർധിപ്പിക്കുന്നതിന് ക്ലാസ് ലൈബ്രറി വികസിപ്പിക്കാനായി ഓരോ കുട്ടിയുടേയും പിറന്നാളിന് ഓരോ പുസ്തകം എന്ന ആശയം കണ്ടെത്തി.




കൂടാതെ ഓരോ ദിവസവും 15 മിനുട്ട് വായനക്കായി ഒരാഴ്ച മാറ്റിവച്ചു.എല്ലാവർക്കും മാതൃകയായി എൽ.എസ്.എൻ. വിദ്യാലയം വായനാദിനം ആഘോഷിച്ചു.



# ചാന്ദ്രദിനം

ജൂലായ് 21 നാം ചാന്ദ്രദിനമായി ആചരിക്കുന്നു.ഈ ദിനം നാം ഒട്ടനവധി മഹത് വ്യക്തിത്വങ്ങളെ ഓർക്കേണ്ടതാണ്. ഇതിനോടനുബന്ധിച്ച് അസംബ്ലിയിൽ ചന്ദ്രനെ കുറിച്ചും ചാന്ദ്രദിനത്തെ കുറിച്ചും വിവരിച്ചു. "ചാന്ദ്രപര്യവേക്ഷണം"



എന്ന വിഷയത്തിൽ ഓരോ ക്ലാസിലും സെമിനാർ സംഘടിപ്പിച്ചു. അതിനായി റോക്കറ്റുകൾ നിർമ്മിച്ചു. പിന്നീട് ചാന്ദ്രദിനത്തോട് അനുബന്ധിച്ച് ചോദ്യോത്തര മത്സരം നടത്തുകയും വിജയികളെ തിരഞ്ഞെടുക്കുകയും ചെയ്തു.

കൂടാതെ ബഹിരാകാശ നിരീക്ഷണം പ്രൊജക്ടറിലൂടെ നടത്തി. ഇത് ഓരോ ഗ്രഹങ്ങളുടേയും സ്ഥാനം മനസ്സിലാക്കാൻ സഹായകമായി.ഇതിന്റെ ഭാഗമായി മറ്റൊരു ദിവസം ചന്ദ്രയാൻ 2 എന്ന റോക്കറ്റിന്റെ വിക്ഷേപണം ലൈവായി പ്രൊജക്ടറിലൂടെ കാണാൻ സാധിച്ചു. ചന്ദ്രനുമായി ബന്ധമുള്ള വസ്തുക്കൾ നിർമ്മിച്ച് എക്സിബിഷൻ നടത്തി.

# ശാസ്ത്ര ക്ലബ്ബ്

**2019-20 അധ്യയനവർഷത്തിലെ ശാസ്ത്ര ക്ലബ്ബ് ഈ വർഷം 14-10-2019 തിയ്യതി ഉദ്ഘാടനം ചെയ്തു. ബഹുമാനപ്പെട്ട പ്രേമ ടീച്ചർ, സെലിൻ ടീച്ചർ എന്നിവരുടെ നേതൃത്വത്തിൽ 14ാം തിയ്യതി തിങ്കളാഴ്ച്ച 12:30 ന് ആദ്യത്തെ ശാസ്ത്ര ക്ലബ്ബ് ഒത്തുചേർന്നു.ക്ലബ്ബിന്റെ പ്രവർത്തന നിർദ്ദേശങ്ങളും പരിപാടികളും അധ്യാപകർ വ്യക്തമാക്കി. എല്ലാ ക്ലാസ്സുകളിൽ നിന്നും വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പുവരുത്തി. ഭാരവാഹികളുടെ തിരഞ്ഞെടുപ്പിൽ പ്രസിഡന്റ് സ്ഥാനത്തേക്ക് ഫിസ-ഫിറോസ്,ദയ എന്നിവരെയും സെക്രട്ടറിയായി ആൻഡ്രിയ,ഷാനി എന്നിവരെയും തിരഞ്ഞെടുത്തു. കൃത്യം 1 മണിക്ക് അവസാനിച്ചു.**

# हिन्दी क्लब जूलाई -2019

ऍल. ऍस. ऍन. जी ऍच ऍस का राष्ट्रभाषा सन्ध का उदधाटन 18 जूलाई को हुआ। छातॊ मॆ हिन्दी भाषा के पति रुची उत्पन्न करने कै लिऍ विविध कारयो का आयोजन करने का निश्चय किय। आठवी कक्षा से दसवी कक्षा तक कि छात्ऍँ इसमें भाग लिया । संन्घ के अध्यक्ष के रुप में दसवीं कक्षा के षिफा रिन को चुन लिया । साचिव के रुप में 9 कक्षा के बिनषिदा को चुन लिया वाचन सप्ताह के सिले सिले में पेमचंद के बारे में परिचय किया । हर शुक्रवार को बैठक जमा करने का निश्चय किया। शब्द खेल , शब्दकोश निम्रण आदि काय्कमों का आयोजन करने का निश्चय किया। कक्षा में हिन्दी का वातावरण उत्पन्न करने योग्य कार्यों को शुरु होनें है। इसके साथ बैठक की समाप्ती हुई.।

सोचित

# <u>ഗണിത ക്ലബ്ബ്</u>

**2019-20 അധ്യായനവർഷത്തിലെ ഗണിത ക്ലബ്ബിന് ഈ കഴിഞ്ഞ ജൂലൈ 9 ാം തിയ്യതി തുടക്കമിട്ടു.ബഹുമാനപ്പെട്ട ലിൻസി ടീച്ചർ, ശ്രീജ ടീച്ചർ, മിജി ടീച്ചർ എന്നിവരുടെ ആഭിമുഖ്യത്തിൽ 9ാം തിയ്യതി ചൊവ്വാഴ്ച 1:30 ന് ആദ്യത്തെ ഗണിത ക്ലബ്ബ് ഒത്തുചേർന്നു. ക്ലബ്ബിന്റെ പ്രവർത്തനനിർദ്ദേശങ്ങളും പരിപാടികളും അധ്യാപകർ വ്യക്തമാക്കി. എല്ലാ ക്ലാസ്സുകളിൽ നിന്നും വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പുവരുത്തി. ഭാരവാഹികളുടെ തിരഞ്ഞെടുപ്പിൽ പ്രസിഡന്റ് സ്ഥാനത്തേക്ക് 10 ലെ കീർത്തനയെയും വൈസ് പ്രസിഡന്റായി 9 ലെ അപർണയെയും സെക്രട്ടറിയായും ജോയിന്റ് സെക്രട്ടറിയായി യഥാക്രമം ഐശ്വര്യ , ഫർ ഹാന തസ്നിം എന്നിവരെയും തിരഞ്ഞെടുത്തു.പ്രവര്ത്തനങ്ങള്ക്കായി പിന്തുണച്ചുകൊണ്ട് കൃത്യം 2 മണിക്ക് അവസാനിക്കുകയും ചെയ്തു.**

# സാമൂഹ്യശാസ്ത്ര ക്ലബ്ബ്

**14-10-2019 തിങ്കളാഴ്ച്ച ഉച്ചക്ക് 12:30 ക്ക് ആദ്യത്തെ മീറ്റിംഗ് കൂടി. ശാസ്ത്രക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മേരി ടീച്ചർ വിശദീകരിച്ചു. തുടർന്ന് പ്രസിഡന്റ് സ്ഥാനത്തേക്കായി 10 C യിൽനിന്ന് ജ്യോതികയെയും സെക്രട്ടറിയായി 9 C യിൽ നിന്ന് നേഹയെയും തിരഞ്ഞെടുത്തു.ക്ലബ്ബിന്റെ പ്രവർത്തന ഭാഗമായി ഗാന്ധിജിയുടെ ചിത്രം വരക്കൽ മത്സരം 16-ാം തിയ്യതി തീരുമാനിച്ചു കൂടാതെ ഗാന്ധി ക്വിസ് നടത്താൻ തീരുമാനിച്ചു. എല്ലാ കുട്ടികളോടും ചാർട്ടിൽ മൗലിക അവകാശങ്ങളും മൗലിക കടമകളും എഴുതി 18-ാം തിയ്യതി പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു. അങ്ങനെ യോഗം അവസാനിച്ചു.**

# വിദ്യാരംഗം

2019-20 അധ്യയനവർഷത്തിലെ വിദ്യാരംഗ കലാസാഹിത്യവേദിയുടെ ആദ്യയോഗം ജൂൺ മാസം 29 ന് ഓഫീസ് റൂമിനു മുകളിലുള്ള ക്ലാസ്സിൽ വച്ചു നടന്നു . മലയാളം അധ്യാപികമാരായ ലീന ടീച്ചർ , ജിൻസി ടീച്ചർ എന്നിവരുടെ നേതൃത്ത്വത്തിൽ 10 – B യിലെ അഷിത എ . എസിനെ പ്രസിഡന്റായും 9 – C യിലെ ബിൻഷിദ സിയെ സെക്രട്ടറിയായും തെരഞ്ഞെടുത്തു . കുട്ടികളിലെ സർഗശേഷി വളർത്തുന്നതിനു മുൻതൂക്കം കൊടുക്കുന്ന വേദി എന്ന നിലയിൽ വ്യക്തിഗത മാഗസ്സിൻ ആസ്വാദനം എന്നിവ നിർമ്മിക്കുന്നതിനു ജിൻസി ടീച്ചർ നിർദ്ദേശിച്ചു . 5 മുതൽ 10 വരെയുള്ള വിദ്യാർത്ഥിനികൾ പങ്കെടുക്കുകയും ക്ലബ്ബിന്റെ ലക്ഷ്യങ്ങളും രീതികളും തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് ആഹ്വാനം നൽകുകയും ചെയ്തു .

പ്രസിഡന്റ്

അഷിത എ.എ

# ബന്ധനം

"എന്തൊക്കെയോ പറയാനുണ്ട് പക്ഷേ  എന്ത്?  പഞ്ചായത്ത്
പ്രസിഡന്റിന്റെ നിസ്സംഗത,മെമ്പറുടെ അഴിമതി,രാധചേച്ചി
യുടെ വീട്ടിൽ മുച്ചീർപ്പൻ കുലച്ചത്,എന്റെ മകൻ വൈകുന്നേരം കോളേജിൽ
നിന്നും സ്ഥിരം വൈകിവരുന്നത്.........അങ്ങനെ ഒരു സ്ത്രീക്ക് അവളുടെ ഭർ
ത്താവിനോട് സംസാരിക്കാൻ ഏറെയുണ്ട്."

വികാരക്ഷോഭം കൊണ്ട് വാക്കുകൾ പതറി രേഖ ഒന്നു നിർത്തി.വിമല
അവളെ ഒന്ന് സൂക്ഷിച്ചുനോക്കി. എപ്പോഴും കണ്ടു പരിചയമുള്ള ഒരു
ശാന്തമായ മുഖത്തിന്റെ ഓർമ അവളെ വിഷമിപ്പിച്ചു.അവൾ ഇന്നൊരു
കേൾവിക്കാരി മാത്രമാണ്.

പുറത്ത് വെയിലിന് ചൂട് കൂടുന്നുണ്ടായിരുന്നു.ഹോട്ടലിന്റെ ഗ്ലാസിട്ട
ചുമരുകൾക്കപ്പുറത്ത് റോഡ് ചുട്ടുപഴുത്തു.

തന്റെ മുന്നിൽ രേഖ പടർന്ന് പന്തലിച്ച് വേരോടിയ മരമായി നിൽക്കുന്നത്
അവളിൽ നഷ്ടപ്പെട്ടതിന്റെ ഓർമകളുയർത്തി . ചെറുപ്പത്തിൽതന്നെ വലിയ
വാക്കുകളും വലിയ സ്വപ്നങ്ങളുമായി നടന്ന രേഖ പി.എസ്.സി എഴുതി
പഞ്ചായത്ത് ക്ലർക്കായപ്പോൾ എല്ലാവരും അമ്പരന്നു. ഒരു ഡെപ്യൂട്ടി
തഹസിൽദാരെ വിവാഹം കഴിച്ചതോടെ അത്ഭുതം ഇരട്ടിയായി.
രേഖക്ക് ഒരാൺകുഞ്ഞ് ജനിച്ചപ്പോൾ വിമലക്ക് പേകാൻ സാധിച്ചിരുന്നില്ല.
രണ്ട് കൊല്ലത്തിന് ശേഷം കളിക്കുട്ടുകാരിയെ കണ്ട് വിമല സംതൃപ്തയായി.
ഒരോമനക്കുഞ്ഞും സ്നേഹനിധിയായ ഭർത്താവും ഒത്ത് ഒരു കുഞ്ഞുവീട്ടിൽ
അവൾ സന്തോഷമായി കഴിയുന്നു. മൂന്ന് കൊല്ലം ജേലിക്ക് പോകാതെ

കുഞ്ഞിനെ നോക്കി അവൾ ഇരുന്നു. കുട്ടിന് ഭർതൃമാതാവും. തുടർന്ന് ജോലിക്ക് പോകാൻ രേഖക്ക് താൽപര്യമുണ്ടായിരുന്നില്ല . അതിനാലാണ് അവളെ നിർബന്ധിച്ച് പറഞ്ഞയച്ചത്.

കുഞ്ഞ് വളർന്നുവന്നു. അവനെ സ്കൂളിൽ ചേർത്തു. ഇടക്കെപ്പോഴോ അനിലും അവളും തമ്മിൽ അകന്നു. വൈകുന്ന ജോലിസമയവും പറയാതെയുള്ള യാത്രകളും അവരുടെ ബന്ധത്തിൽ വിള്ളലുകൾ വീഴ് ത്തി. രേഖയുടെ ഹൃദയം വേദനിച്ചു. ആരും സംസാരിക്കാനില്ലാതെ അവൾ വീർപ്പുമുട്ടി. സ്ത്രീക്കും പുരുഷനും സമൂഹം കൽപിച്ച മര്യാധകൾ അവളെ തടങ്കലിലാക്കി.പുറത്ത് വെയിലിന് ചൂട് കുറഞ്ഞു. ഇപ്പോൾ ഇറങ്ങിയാൽ ട്രെയിനുണ്ട്. വിദൂര സ്വപ്നങ്ങളുമായി കണ്ണുംനട്ടിരിക്കുന്ന രേഖയെ ഒന്നുനോക്കി,വിമല ഹോട്ടലിന്റെ പടികളിറങ്ങി.

അഷിത.എ.എസ്

# നവകേരള നിർമ്മാണത്തിൽ വിദ്യാർത്ഥികളുടെ പങ്ക്

നാടിന്റെ സമ്പത്ത് വിദ്യാർത്ഥികളാണ്. നാടിനെ നാടാക്കി മാറ്റുന്നതിൽ വിദ്യാർത്ഥികളുടെ പങ്ക് പ്രവചനാതീതമാണ്. നാടെങ്ങും വിറപ്പിച്ച മഹാപ്രളയം താണ്ടിയ കേരള നാടിന്റെ നവസൃഷ്ടിയിൽ വിദ്യാർത്ഥികളും പങ്ക് ചേരണം. ലോകമാതൃകയാകത്തക്കവിധം കേരളത്തിന്റെ പുനരധിവാസം നാം കണ്ടു. നാടെങ്ങും ഒറ്റക്കെട്ടായി മഹാപ്രളയത്തെ കേരളം ചെറുത്തു നിന്നു. നൂറ്റാണ്ടുകളിലെ മാവേലിനാടായി കേരളം മാറി. നാടെങ്ങും ഒത്തൊരുമ. നവകേരള നിർമ്മാണത്തിന് വേണ്ടി വിദ്യാർത്ഥികൾ ചെയ്യുന്നത് കുറച്ചല്ല. അതിജീവനത്തിനായി പിടയുന്ന ജീവനുകൾക്ക് സാമ്പത്തിക സഹായവും, ഭക്ഷണവും അവർ നൽകി.

പുതുകേരളം പടുത്തുയർത്തേണ്ടത് നാളയുടെ നന്മയും പ്രതീക്ഷയുമായ പൗരന്മാരാണ്. മനുഷ്യരുടെ കരവിരുത് പ്രകൃതിക്ഷോഭമായി തിരിച്ചടിച്ചു സ്വാർത്ഥതയും അത്യാഗ്രഹവും അവരെ പ്രകൃതിനാശിനിമാരാക്കി. പ്രകൃതിയുടെ തിരിച്ചടിയാണെങ്കിൽ കേരളത്തിന് ചെറുത്തുനിൽക്കാനായില്ല.

വിദ്യാർത്ഥികൾ കേരളത്തിന് കൈത്താങ്ങാകണം. കേരളത്തെ വേദനിപ്പിക്കുന്ന പ്രവൃത്തിയെ ശക്തമായി തടയണം.

കേരളമെന്ന പേരകേട്ടാൽ അഭിമാനപുളകിതരായി മാറണം.

ഓരോ വിദ്യാർത്ഥിയും പ്രകൃതിക്ഷോഭകാരണങ്ങളായ കെട്ടിടം പൊളിക്കലും, കുളം നികത്തലും ,മരംവെട്ടലും ,നദികളിൽ മാലിന്യം എറിയുന്നതും നിരോധിക്കണം.

നമ്മയുടെ പാതയിൽ ജീവിച്ച കേരളത്തിലിന്ന് നദിയുണ്ടോ?44 നദികളാൽ സമൃദ്ധമായിരുന്ന നാടാണ് ഇന്ന് ആരോ കൈകഴുകി ഒഴിച്ചപോലെ ഇത്തിരി വെള്ളം മാത്രം.

കേരളം എന്നാൽ കേര(തേങ്ങ)നാടെന്നർഥം. കേരളത്തിൽ കേരവൃക്ഷങ്ങൾ കുറവാണ്. വൃക്ഷങ്ങളും തെങ്ങുകളും വെട്ടിവെട്ടി പേരിനുമാത്രമേ കേരമുള്ളൂ. ഇതൊക്കെ പുതുതലമുറയുടെ പങ്കോടെയാണ് നടന്നത്. ഇനി അതു പാടില്ല. വിദ്യാർത്ഥികൾ അതിനെതിരെ ശക്തമായി പോരാടണം. നവകേരളനിർമ്മാണത്തിന് തുടക്കം കുറിച്ച് സ്കൂളിൽ വിദ്യാർത്ഥികൾ തെങ്ങിൻ തൈയ്കൾ നട്ടുപിടിപ്പിക്കണം.
ചെടികളും മരങ്ങളും വച്ചുപിടിപ്പിക്കണം. ഉപയോഗശൂന്യമായ പ്ലാസ്റ്റിക് മുതലായ മാലിന്യങ്ങളെ ശക്തമായി തടയണം. പല ചെടികൾ നട്ട് സ്കൂളുകൾ പോലും പൂക്കളാൽ സമൃദ്ധമായ പൂന്തോട്ടമാക്കി മാറ്റാൻ നാളെയുടെ പ്രതീക്ഷയായ വിദ്യാർത്ഥികളിലൂടെ കഴിയും.

വിദ്യ അഭ്യസിക്കുമ്പോൾ നാടിനെക്കുറിച്ചറിയണം. നാടിന്റെ പ്രശ്നങ്ങളെക്കുറിച്ചറിയണം. പ്രശ്നപരിഹാരങ്ങൾ നിർദ്ദേശിച്ച് സമൂഹത്തെ ഉദ്ബോധരാക്കിമാറ്റണം കേരളത്തെ പഴയ 44 നദികളുടെ നാടാക്കണം. നാടിന്റെ ഭാവിതീരുമാനിക്കുന്നത്, അതിനെ നിലനിർത്തുന്നത്, സംരക്ഷിക്കുന്നത് അവിടെ ജീവിക്കുന്ന ജനങ്ങളാണ്. നവകേരളത്തിന്റെ നിലനിൽപ്പും ഭാവിയും സംരക്ഷണവും വിദ്യാർതവഥികളുടെ കൈകളിലാണ്. നാളയുടെ പൗരന്മാരാണ്

വിദ്യാർത്ഥികൾ.പ്രതിബദ്ധതയുള്ള ഒരു വിദ്യാർത്ഥി സമൂഹമാണ് ഓരോ നാടിൻെറയും കരുത്ത് . കേരളം നമ്മുടെ അമ്മയാണ്. നമ്മുടെ നദിതീരങ്ങളിൽ തല ഉയർത്തിനിൽക്കുന്ന വലിയ വലിയ ഫ്ളാറ്റുകൾ നമ്മുടെ നദികളെ ചൂഷണം ചെയ്യുന്നു .നദികളാൽ സമൃദ്ധമായ നമ്മുടെ നാട് ഇന്ന് ഒരു തുള്ളിവെള്ളത്തിനായി ദാഹിക്കുന്നു. അമ്മയായി കണ്ട് സ്നേഹിക്കേണ്ട നമ്മുടെ കേരളത്തെ  നാം കണ്ണിൽചോരയില്ലാതെ നശിപ്പിക്കുന്നു. ഈ പ്രവർത്തികളിൽ  ബലിയാടകുന്നത് പാവപ്പെട്ട മറ്റു ജീവജാലങ്ങളാണ് . പ്രകൃതീ തന്നെ തന്റെ സന്താനങ്ങളായ നമ്മെ ഭയപ്പട്ടു തുടങ്ങിയിരിക്കുന്നു . ഭൂമിയുടെ കാൻസർ എന്ന പദവു മനുഷ്യന സ്വന്തമാക്കി വികസനമെന്ന നാലക്ഷരത്തിനായി നമ്മുടെ നാടിനെ ഏവരും കൊന്നൊടുക്കുകയാണ്   ഇതിനെതിരെയായി വിദ്യാർഥിസമൂഹം ആഞ്ഞടിക്കേണ്ട സമയം കടന്നുപോയിരിക്കുന്നു. കേരള എന്ന നമ്മുടെ നാടിന്ന് അന്ത്യത്തിന്റെ മുൻമുനയിലാണ് കേരളലത്തിന്റെ ഭാവിതലമുറയ് ക്ക കേരളം എന്താണ്  എന്ന ചോദ്യത്തിന് നാം ഇടവരുത്തരുത് . നമ്മുടെ കർമങ്ങൾക്ക്    ഫലമായി എത്രയധികം സസ്യങ്ങളാണ് നമ്മുടെ ലോകത്തിനോട് വിടപറ ഞ്ഞിരിക്കുന്നത് ചീട്ടുകളിയിൽ എത്രയധികം പ്രധാനമാണ് താഴത്തെ ചീട്ടുകൾ അത്രതന്ന പ്രധാനമായ സസ്യങ്ങളെയാണ് നാം യാതൊരു ദയയില്ലാതെ കൊന്നൊടുക്കുകയാണ്  കേരവൃക്ഷങ്ങളും ,പുഴകളും തുടങ്ങിയവ സമൃദ്ധമായിരുന്ന നമ്മുടെ  കേരളത്തിൽ ഇന്ന് കുൺ പോലെ യുള്ള വീടുകളും , ഫ്ളാറ്റുകളും , ഫാക്ടറികളും , കൊണ്ട് സമൃദ്ധമായിരിക്കുന്നു. നമ്മുടെ തലമുറയ്ക്കുവേണ്ടി മരങ്ങൾ നട്ട്  നമ്മുക്ക് മാതൃകയാകാം .

കേരളം സംരക്ഷണം തന്റെയും സംരക്ഷണമാണെന്ന് അവർ തിരിച്ചറിയണം അത്തരം തിരിച്ചറിവിലൂടെ നവകേരള നിർമ്മിതിയിൽ അവർ കേരളത്തിന്റെ നിലനിൽപ്പിനുതകും വിതം ഉദ്ബോധവാന്മാരാവും

നവകേരള നിർമ്മിതിയിൽ വിദ്യാർത്ഥികൾ പങ്ക് ചേർന്നാൽ മാത്രമേ ജീവനും നിലനിൽപ്പും കേരളത്തിനുണ്ടാവും . വിദ്യാർത്ഥികൾ സമൂഹത്തിൽ പടുത്തുയർത്തേണ്ടത് കൂട്ടായ്മയും സാഹോദര്യവുമാണ്, അല്ലാതെ പ്രകൃതി കാരിണികളായ കെട്ടിടങ്ങളല്ല . കഴിഞ്ഞ മഹാപ്രളയത്തിൽ സ്വന്തം ജീവൻ മറന്ന് കൈകോർത്ത് ലക്ഷക്കണക്കിന് ആളുകളെ രക്ഷിച്ച മത്സ്യതൊഴിലാളികളുടെ സഹായം അവിസ്മരമരണീയവും വിദ്യാർത്ഥികൾക്ക് മാതൃകയുമാണ്. ഇനി ഒരു പ്രളയത്തിന് ഇടവരുത്താത്ത വിധം കേരളത്തെ സജ്ജമാക്കേണ്ടത് സമൂഹത്തിലെ മാണിക്യകല്ലുകളായ വിദ്യാർത്ഥികളാണ്.

മഹാപ്രളയത്തെ അതിജീവിച്ചിട്ടും ലക്ഷക്കണക്കിന് വീടുകൾ അതിൽ നഷ്ടപ്പെട്ട് ആയിരകണക്കിന് വിദ്യാർത്ഥികളടക്കം സ്വന്തം കൂരയില്ലാതെ ചീരഴിയുമ്പോഴാണ് ലക്ഷകണക്കിന് ആളുകളുടെ ജീവനും ജീവിതവുമായ മരടിലെ ഫ്ളാറ്റുകൾ അതു ബോംബെറിഞ്ഞ് കൊണ്ട് തകർക്കാനുള്ള പുതിയ തീരുമാനം. വീടില്ലാതെ നരഗിക്കുന്ന പ്രളയത്തിലൊറ്റപ്പെട്ട ജനങ്ങൾ കണ്ടുകൊണ്ട് നിൽക്കെ ഒരു ദ്രോഹവുമില്ലാതെ ഫ്ളാറ്റുകൾ പൊളിക്കാൻ ഉത്തരവ്.

കെട്ടിടങ്ങൾ തകർക്കുമ്പോൾ സംഭവിക്കുന്ന പ്രകൃതി ക്ഷോഭങ്ങൾ പുനരധിവാസം പൂർണ്ണമാവാത്ത കേരളത്തിന്റെ അവസ്ഥ, എന്നിവയെ കുറിച്ച് ഒരു ബോധവുമില്ലാത്ത ഇത്തരം തീരുമാനങ്ങളെ വിദ്യാർത്ഥികളടക്കമുള്ള സമൂഹം ചെറുത്ത് നിൽക്കണം. ഇത്തരം തിന്മകളെ വിദ്യാർത്ഥികൾ അവഗണിച്ചാൽ മാത്രമേ നവകേരള നിർമ്മിതിയിൽ വിദ്യാർത്ഥികളുടെ പങ്ക് പൂർണ്ണമാവുള്ളൂ.

നാളെയുടെ പ്രതീക്ഷയായ വിദ്യാർത്ഥികളിലാണ് നവകേരളത്തിന്റെ ഭാവി. അതിനാൽ നവകേരളനിർമ്മാണത്തിൽ വിദ്യാർത്ഥികൾ പങ്കു ചേരുന്നതിന്റെ ആവശ്യകത ഔചിത്യ പൂർണ്ണം തന്നെ.

# FLOOD

Behind the cheer of the crowds

And jeer of the light,

It was heard as a cry,

Echoing the numbness of pain.

A whisper of the roaring seas

And the trembling trees.

Men rejoiced and partied;

The moaning wide and broad.

And the wound was healed

In the cool moon.

Yet, it was heard; as a flute song

Through the night

The sun came and the sound

Was heard; again

Joined by the cries of the terrified.

A sound, never heard before,

Became a symbol of horror.

The moon came again and

The horror remained;

Now, much and more in-tensed

something that was forgotten

Till the previous day.

Now, may i ask, can a

pain stab you in the heart?

Which you haven’t even know, and

which you never will know?

ASHITHA AS -10 B

# NATURE

Respected teachers and all my dear friends,

Today I'm going to tell about our nature,

we live on the most beautiful planet in the whole universe. Food around, the chirping birds, the graceful sunlight, the magnificent greenery. we should enjoy our life in such a beautiful land without destroying it. I'm stressing the word "without" because we are enjoying, but with the destruction of nature.

For example a tree, when you cut a tree you are killing a million lives including yours. The pollutants caused due to human activities such as burning of cool and wood, burning of plastic etc. Contribute largely to pollution. We are not just polluting our nature but also wiping out the existence of creatures, the trees and slowly everything.

There are generations to come, on this beautiful land of greenery. Will they be able to survive on the earth? The day is not too far. so please don't destroy the greenery and spoil the beautiful scenery.

Fiza Firos

# " प्लास्टिक को खतम करों....."

प्लास्टिक ,हमारॆ सुँदर धरती का धीरॆ -धीरॆ सॆ मार रहॆ हें । प्लास्टिक कॆ बिना अपनॆ जीवन का कल्पना करना काफी ज़्यादा मुशकिल हो रहॆ हैं । हम अगर अगर अपनॆ आस पास कॆ चीज़ों को गोर करें तो यह पाएँगे के प्लस्टिक ने हमारा जीवन में कब्जा कर लिया हैं ।

प्लास्टिक के शुरुआत में यह बहुत सहायक आविष्कार मानता था ।लेकिन धीरे से उसके असली रूप हमारे सामने आ गया।यह पानी या मिट्टी में विघटित नहीं होते।और इसे जलाने के प्रभाव और भी ज़्यादा हानिकारक है।तो इस चीज़ जो वायु जल और भूमी को मार दाल रहे हैं।उसे कैसे डालेंगे **?...**आसान हैं **,** इसका उपयोग कम करो।उपयोग किए प्लास्टिक को फिर से रिसाईकल करो।बाजार में जाने वक्त वहाँ के प्लास्टिक बैग को खरिदने के बजाये एक कपडे के बैग अपने पास रखो। सरकार को इस विषय पर ध्यान देना चाहिए।उसे खतम करना चाहिए।

फिज़ा फिरोज़.वि

# अच्छा काम

माँ...मां...चुन्नि ने बुलाई मां जलदी से आगया क्योंकि वह बहुत जोर से चिल्ला रहा था।माँ अब आये चुन्नी एक बिल्ली के साथ कडी थी।चुन्नी जल्दी से अपने माँ के पास आया और बोली "माँ ...माँ... ये छोटी बिल्ली रखलू उसकी अच्छी सी कयाल रखूगा" पर माँ ने मना करदिया।माँ को बिल्ली पसंद नहीं थी।पर चुन्नी एक काम उसे चुपके पालने लगे।वो इस बिल्ली को नाम बी दिया बोलू।पर एक दिन माँ सफाई कर रह थे तब वे बिल्ली को डूढा और चुन्नी को बोलकर बाहर निकाल चुन्नी रो रही थी ।जब वो बिल्ली को छोट रही थी।कुछ दिन बाद चुन्नी जब पाठशाला से वापस आ रहे थे।तबी चुन्नी को कुच छोर उसे ले गये और वो बोलू ने देख लिया।माँ उसे लेकर बहुत परेशान तबी बोलू वो घर में घुस के माँ का मेहगी कपडा काट कर बागने लगा ।माँ भी उसके पीछे बागी थोडी देर बाद वो एक फाकटरी में पहूँचा और माँ वहा चुन्नी की आवाज़ सुनी!वो जल्दी से पुलिस बुलाई।पुलिस आकर उन चोरों पकडकर लेगया ।माँ और चुन्नी उसको बोलू को शुक्रिया कही।और माँ बोलू को अपनी घर पर रखने को भी माँ गया ।बोलू और चुन्नी हमेशा साथ रही।

फात्तिमा रुष्दा .के .पि

# बहती नदी

याद है मुझको ,
वह बहती नदी।
पानी का स्वर था मीठा
एक कोयल जैसा.....।
मछली का खेल
मुझे ले जाता है
एक सुन्दर दुनिया में
मेरे पसंदवाली दुनिया।
वह फूलों भी नाचता है,
वह पेडों भी नाचता है,
इस बहती नदी के
मीठे स्वर से।
मुझे उस जदी में खेलना है
और उसके अंदर जाना है
मछली को मिलने केलिए।
बहती नदी के पानी है टडा
मेरे पैर उसमें रख दिया
तो मेरे मन भी
हो जाता है टडा।
मैं कबी नहीं बूलूँगी उसको
वह बहती नदी को
क्यूकी तो मेरी
प्यारी नदी है।

# പ്രളയം വിഴുങ്ങിയ കേരളം

**മാനവരാശിയെ ദുരിതത്തിലാഴ്ത്തുകയും പ്രകൃതി ദുരന്തങ്ങളിൽ മറക്കാൻ കഴിയാത്തതുമയ ഒരു വലിയ ദുരന്തമാണ് ഈ കഴിഞ്ഞുപോയ മഹാപ്രളയം. 1924 -ലെ പ്രളയത്തിനു ശേഷം ഏറ്റവും വലിയ വെള്ളപ്പൊക്ക ദുരന്തത്തിനാണ് ഈ രണ്ടു കൊല്ലങ്ങളായി കേരളം സാക്ഷ്യം വഹിച്ചത്.**



**2019 ആഗസ്റ്റ് മാസം തെക്കുപടിഞ്ഞാറൻ കാല വർഷക്കാലത്ത് ഉയർന്ന അളവിൽ മഴ പെയ്യതിന്റെ ഫലമായാണ് 2019 -ലെ കേരള വെള്ളപ്പൊക്ക ദുരന്തം സംഭവിച്ചത്.അതിശക്തമായ മഴയെ തുടർന്ന് കേരളത്തിലെ മിക്ക ജില്ലകളിലും വെള്ളപ്പൊക്കവും മലയോര മേഖലകളിലും ഉരുൾ പൊട്ടലുമുണ്ടായി. നൂറു കണക്കിനാളുകളെ സുരക്ഷിതസ്ഥലങ്ങളിലേക്കും ദുരിതാശ്വാസ ക്യാമ്പുകളിലേക്കും മാറ്റി. അണക്കെട്ടുകളിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതോടെ അവയുടെ ഷട്ടറുകൾ തുറന്നുവിട്ടത് വെള്ളപ്പൊക്കത്തിന്റെ ആഘാതം വർധിപ്പിച്ചു. 2018 ജൂലൈ -ആഗസ്റ്റ് മാസങ്ങളിൽ തെക്കുപടിഞ്ഞാറൻ കാലവർഷക്കാലത്ത് ഉയർന്ന**

അളവിൽ മഴ പെയ്തതിന്റെ ഫലമായി വൻ നാശനഷ്ടമുണ്ടായി. അതിൽ

450-ൽ അധികം ആളുകൾ മരിക്കുകയും ചെയ്തിരുന്നു.

## മുൻകരുതലുകൾ

. പ്രളയമുൻകരുതലുകൾ ശ്രദ്ധിക്കാതെ പോകരുത്.

. പ്രളയജലം എത്താൻ സാധ്യതയുള്ള സ്ഥലങ്ങളിൽ നിന്നും മുൻകൂട്ടി മാറി താമസിക്കുക.



പ്രളയ സാധ്യതയുള്ള ഇടങ്ങളിൽ താമസിക്കുന്നവർ റേഡിയോ,ടിവി, സോഷ്യൽ മീഡിയ അറിയിപ്പുകൾ ശ്രദ്ധിക്കുക.

**ഞങ്ങൾക്ക് ഒരു മതമേ ഉള്ളൂ**

**ഒറ്റ പാർട്ടിയെ ഉള്ളൂ**

**അത് മനുഷ്യത്വം ആണ്**

എല്ലാ അസുഖങ്ങളെയും,ചുഴലിക്കാറ്റിനെയും എല്ലാം ഒറ്റ കെട്ടായി നിന്ന് അതിജീവിച്ചതുപോലെ ഈ മഹാപ്രളയത്തെയും നമുക്ക് ചങ്കുറ്റത്തോടെ നേരിടാം.പ്രളയ കാലം ദുരിതത്തിന്റെ കാലം മാത്രം ആയിരുന്നില്ല തിരിച്ചറിവുകളുടേത് കൂടിയായിരുന്നു എന്നതാണ് സത്യം.

# THANK YOU